പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 5548 04.07.2013 -ൽ മറുപടിക്ക്.

അന്യസംസ്ഥാന തൊഴിലാളികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. ബി. അബ്ദുൾ റസാക് : | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും<br>വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് അന്യസംസ്ഥാന തൊഴിലാളികൾ എത്രയുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ സംസ്ഥാനക്കാർ എത്ര വീതമുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) തൊഴിൽ വകുപ്പിനുവേണ്ടി ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് നടത്തിയ പഠനത്തിൽ 25 ലക്ഷത്തിൽപ്പരം അന്യസംസ്ഥാന തൊഴിലാളികൾ കേരളത്തിൽ ഉണ്ടെന്ന് കണക്കാക്കിയിട്ടുണ്ട്.<br><br>സംസ്ഥാനം തിരിച്ചുള്ള വിവരങ്ങൾ<br><br>ഉത്തർപ്രദേശ് 14.83%<br>ആസ്സാം 17.28%<br>പശ്ചിമബംഗാൾ 20%<br>ബീഹാർ 18.10%<br>ഒറീസ്സ 6.67%<br>മറ്റു സംസ്ഥാനക്കാർ 23.13% |
| (ബി) ഈ തൊഴിലാളികൾ പലരും മോശമായ സാഹചര്യത്തിൽ താമസിക്കുന്നതിനാൽ പരിസ്ഥിതിക ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാകുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) അന്യസംസ്ഥാന തൊഴിലാളികളുടെ ക്ഷേമത്തിനായി പ്രത്യേക പദ്ധതി നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ? | (സി) ഉദ്ദേശിക്കുന്നുണ്ട്. അന്യസംസ്ഥാന തൊഴിലാളികളുടെ സുരക്ഷിതത്വത്തിനും ക്ഷേമത്തിനുമായി തയ്യാറാക്കിയ കേരള മൈഗ്രന്റ് വർക്കേഴ്സ് സോഷ്യൽ സെക്യൂരിറ്റി ബിൽ 2013 സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ആഫീസർ.